കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുത്തിയതോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി2-1184/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688011

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി2-1184/2017 തിയ്യതി:18.09.2017

# ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 6.11.2016 മുതൽ 22.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.8.2017 മുതൽ 31.8.2017 വരെ | ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ<br>ശ്രീ. സുനിൽ.കെ.ബി,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. പ്രേമ രാജപ്പൻ | 1.4.16 മുതൽ 31.3.17 വരെ |

2. സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.വേണുഗോപാൽ.എസ് | 1.4.16 മുതൽ 30.06.16വരെ |

| | | | |
|---|---|---|---|
| | | | 30.08.16 മുതൽ 31.03.17 വരെ |
| 2 | ശ്രീമതി.ഉഷ.പി.എം | | 1.7.16 മുതൽ 29.8.16വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.സൂസമ്മ.വി | 1.4.16 മുതൽ 31.3.17 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. സ്വാതി പ്രകാശ് | 1.4.16 മുതൽ 25.9.16 വരെ |
| | | ഡോ.സംഗീത് നാരായണൻ | 26.9.16 മുതൽ 31.3.17വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.പി.പി | 1.4.16 മുതൽ 11.5.16 വരെ |
| | | ശ്രീമതി.ലക്ഷ്മി | 12.5.16മുതൽ 31.3.17വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.സേതുമാധവൻ | 1.4.16 മുതൽ 31.3.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അശ്വതി | 1.4.16 മുതൽ 31.3.17വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മിത റാണി | 1.4.16 മുതൽ 31.3.17 വരെ |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.തോമസ്.എ.എൻ | 1.4.16 മുതൽ 31.3.17 വരെ |
| 8 | ഹെഡ്മിസ്ട്രസ്സ്, ഗവ.(എൽ.പി.എസ്.) | ശ്രീമതി.ശ്രീദേവി | 1.4.16 മുതൽ 31.5.16 വരെ |
| | | ശ്രീ.സുശീലൻ | 1.6.16 മുതൽ 31.3.17വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.റെയ്ച്ചൽ ബഞ്ചമിൻ | 1.4.16 മുതൽ 31.3.17 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സന്ദീപ് | 1.4.16 മുതൽ 31.3.17 വരെ |
| | | ശ്രീ.മഹേഷ് | 1.4.16 മുതൽ 31.3.17 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പി.എം.ഉഷ | 1.4.16 മുതൽ 31.3.17 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.ഷിൻഡ്യ | 1.4.16 മുതൽ 7.7.16 വരെ |
| | | ശ്രീ.തോമസ് | 8.7.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-13 |
| | ഭാഗം -2 | |
| 2 | വസ്തു നികുതി അപാകതകൾ | 2-1 |
| 3 | തൊഴിൽ നികുതി – അപാകതകൾ | 2-2 |
| 4 | ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-3 |
| 5 | വാടകക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 2-4 |
| 6 | ഡി & ഒ ലൈസൻസ് ഈടാക്കുന്നില്ല | 2-5 |
| 7 | തനതു ഫണ്ടിന് പലിശ വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | 2-6 |
| | ഭാഗം -3 | |
| 8 | ബിറ്റുമിന്റെ വിപണി വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി | 3-1 |
| 9 | കോൺക്രീറ്റിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചു – അധികച്ചെലവ് 19008/- | 3-2 |
| 10 | സെന്ററിംഗ്&ഷട്ടറിംഗ് എന്ന ഇനത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു – അധികച്ചെലവ് 2330/- | 3-3 |
| 11 | ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയിൽ ക്ലിപ്തപ്പെടുത്തി നൽകിയില്ല | 3-4 |
| 12 | കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു | 3-5 |
| 13 | തൊഴിലുറപ്പ് പദ്ധതി – കൈനകരി ചിറ ബണ്ട് നിർമ്മാണം വാർഡ് – 8 – ഉയർന്ന നിരക്ക് അനവദിച്ചു | 3-6 |
| 14 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-7 |
| 15 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ – സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 3-8 |

| | | |
|---|---|---|
| 16 | റോഡിതര സംരക്ഷണ ഗ്രാന്റുപയോഗിച്ച് വെള്ളക്കരം ഒടുക്കൽ – അപാകതകൾ | 3-9 |
| 17 | സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഒടുക്കൽ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-10 |
| 18 | എൽ.ഇ.ഡി – സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ – പദ്ധതി നടത്തിപ്പ് അപാകതകൾ | 3-11 |
| 19 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ -കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല | 3-12 |
| 20 | ഒ.ഡി.എഫ്. പദ്ധതി | 3-13 |
| 21 | വി.ഇ.ഒ. നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-14 |
| 22 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-15 |
| 23 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-16 |
| 24 | മരുന്നുകൾ (ഹോമിയോ) പൂർണ്ണമായി ലഭിച്ചിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു | 3-17 |
| | ഭാഗം-4 | |
| 25 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1to4-10 |
| | അനുബന്ധം | |
| 26 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകൃത ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 109048487 | 76666500 |
| വാർഷിക കണക്ക് പ്രകാരം | 48743327 | 45881482 |

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

*(ഈ വരവു ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ 348285 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധം ചെലവു ചെയ്തതായി കണ്ടെത്തി. കൂടാതെ വിവിധ കാരണങ്ങളാൽ 476718/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. വിശദ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിന്റെ 2, 3 എന്നീ ഭാഗങ്ങളിലേക്ക്*

*ശ്രദ്ധ ക്ഷണിക്കുന്നു.)*

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 14458577 | 12204767 | 84.41 |
| വികസനഫണ്ട് - എസ്.സി.പി. | 3567222 | 2532746 | 71 |
| വികസനഫണ്ട് - ടി.എസ്.പി. | 125502 | 122988 | 97.99 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1163955 | 570489 | 49 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 3840939 | 3467758 | 90.28 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7072272 | 5439617 | 76.91 |
| പെർഫോമൻസ് ഗ്രാന്റ് | 4246295 | 1121231 | 26.40 |
| ബി. ഫണ്ട് | 40537730 | 40537730 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *40316209 (മുന്നിരിപ്പ് 1805 ഉൾപ്പെടെ)* | 40305842 | 10367 (നീക്കിയിരിപ്പ്) 99.97% |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 182 | 45606287 | 87 | 26953745 | 86 | 9 | 47.80 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 118% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 2502087 | 5763697 | 3261610 | 130 |
| നികുതിയേതര വരവുകൾ | 640799 | 461041 | -179758 | -28 |
| മറ്റ് വരവുകൾ | 32360 | 711722 | 679362 | 2099 |
| ആകെ | 3175246 | 6936460 | 3761214 | 118 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 625920 | 336 |
| കർഷകതൊഴിലാളി പെൻഷൻ | 1631560 | 208 |
| വിധവാപെൻഷൻ | 7404750 | 679 |
| വാർദ്ധക്യകാലപെൻഷൻ | 27221865 | 2038 |
| വികലാംഗപെൻഷൻ | 2391725 | 284 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 991910 | 94 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.8.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1375രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതി ചെലവുകളേക്കാൾ അധികം തുക ചെലവഴിക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച കൃത്യമായ കണക്ക് എൻ.ആർ.ഇ.ജി.എസ് വിഭാഗം എഴുതി സൂക്ഷിക്കുന്നില്ല. വികസനഫണ്ട് വിനിയോഗം കാര്യക്ഷമമല്ല. സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ ലഭിച്ച തുകയുടെ 49 ശതമാനം മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. അതുപോലെ പെർഫോമൻസ് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ 26.4% മാത്രമാണ്

വിനിയോഗിക്കപ്പെട്ടത്. വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.8.17 | 1.7.17 മുതൽ 31.7.17 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയില്ല. | 1997-98മുതൽ 2005-06 വരെ | 24.8.2006 |

1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം -

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 29 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3013 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2080 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2080 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 110364 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 53.05 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 169 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 53.05 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 2080 കുടുമ്പങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ സാധിച്ചു എന്നത് അഭിമാനകരമാണ്. എന്നാൽ കേവലം 169 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. എല്ലാ കുടുംബങ്ങൾക്കും കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി അപാകതകൾ

കത്തിയതോട് പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട അന്തിമ വിജ്ഞാപനം 31.01.2012 ൽ നിലവിൽ വന്നു. കെട്ടിടനികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കാലപ്പഴക്കത്തിന് ആനുപാതികമായ ഇളവ് ഘടനാപരമായി മാറ്റം വരുത്തി നിർമ്മിച്ച കെട്ടിട ഭാഗത്തിനും നൽകി

ശ്രീ.സെലസ്റ്റിൻ പീറ്റർ, ശ്രീ.സെലസ്റ്റിൻ ഇമ്മാനുവേൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള X/655 നമ്പർ കെട്ടിടത്തിൽ ഘടനാപരമായ മാറ്റം വരുത്തി 277.34ചതുരശ്ര മീറ്ററിൽ പുതിയ കെട്ടിടം നിർമ്മിച്ച് പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. പഴയ കെട്ടിടത്തിന്റെ കാലപ്പഴക്കം 50 വർഷത്തിന് മുകളിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പഴയ കെട്ടിടത്തിന്റെ വിസ്തീർണ്ണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ ഫോറം6 പ്രകാരം നികുതി കണക്കാക്കിയപ്പോൾ, പഴയ കെട്ടിടത്തിൻെറ കാലപ്പഴക്കത്തിന് ആനുപാതികമായി നല്കുന്ന 50% ഇളവ് പുതുതായി നിർമ്മിച്ച 277.34 ചതുരശ്ര മീറ്റർ കെട്ടിടത്തിനും ലഭിച്ചിട്ടുണ്ട്. ആയതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്വെയറിലെ ഈ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കെട്ടിടത്തിന്റെ ഏരിയ കണക്കാക്കിയതിൽ കുറവ്

ശ്രീമതി.ഷാഹിദ, താമരുതറയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചു വരുന്ന V/267A നമ്പരിലുള്ള കെട്ടിടത്തിൻെറ വിസ്തീർണ്ണം കംപ്ലീഷൻ പ്ലാൻ പ്രകാരം 24 ചതുരശ്ര മീറ്ററാണെങ്കിലും ഫോറം 6ൽ നികുതി അസസ്സ് ചെയ്തിരിക്കുന്നത് 18.88 ചതുരശ്ര മീറ്ററിന് മാത്രമാണ്.

കെട്ടിടത്തിൻെറ വിസ്തീർണ്ണം=24

ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി=40

അടിസ്ഥാന വസ്തു നികുതി =24*40=960

ഇളവ്(കുറഞ്ഞ തരം മേൽക്കൂര-10%,ദ്വിതീയ മേഖല-10%)=20% =96+96=192

വർദ്ധന (റോഡിന് -20%)= 192/-

ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി =960+96(ST)+48(LC) =1104/-

ഈടാക്കിയ നികുതി =756+76(ST)+38(LC)=870/-

കുറവ് = 234/-

അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയിച്ചതായി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. അനർഹമായി റോഡിന് ആനുപാതികമായ ഇളവ് നൽകി

ശ്രീ.അജയകുമാർ, ശ്രീമതി.ഷീബ എന്നിവരുടെ ഉടമസ്ഥതയിലുള്ള 145.9 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലുള്ള XI/132A നമ്പർ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നടപ്പാതയ്ക്കുള്ള 10% ഇളവ് നല്കിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ കെട്ടിടത്തിന്റെ പ്ലാനിൽ, ഈ കെട്ടിടം NH ൽ നിന്നും 50 മീറ്ററിൽ കുറഞ്ഞ ദൂരത്തിലുള്ളതും ഇവിടേക്ക് 3 മീറ്റർ വീതിയിലുള്ള റോഡിൽ നിന്നും പ്രവേശന മാർഗം ഉള്ളതായും കാണുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.12/തീയതി,30.08.17)നൽകിയ മറുപടിയിൽ അപാകത പരിഹരിച്ച് റീ അസസ്സ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യത്തിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. നികുതി നിർണ്ണയം നടത്താതെ ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ ബിൽഡിംഗ് പെർമിറ്റില്ലാതെ നിർമ്മിച്ച സരൾ ഓഡിറ്റോറിയം റെഗുലറൈസ് ചെയ്യുന്നതിനായി 19.8.14 ൽ ഓഡിറ്റോറിയത്തിൻെറ ഉടമയായ ശ്രീമതി.പി.എസ്.ഷീന അപേക്ഷ സമർപ്പിച്ചിരുന്നു. KPBR പ്രകാരമുള്ള ചട്ടങ്ങൾ പാലിക്കാതെയാണ് നിർമ്മിച്ചിട്ടുള്ളതെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ 5.12.14 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നല്കിയെങ്കിലും മറ്റ് തുടർ നടപടികൾ ഒന്നും ഉണ്ടായില്ല. തുടർന്ന് 10.8.17ൽ മാത്രമാണ് ഓണർഷിപ്പ് ഹാജരാക്കുവാനാവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്നും ടിയാൾക്ക് കത്തയക്കുന്നത്. എന്നാൽ അനധികൃത നിർമ്മാണത്തിൽപ്പെടുത്തി UA നമ്പർ നല്കി നികുതി നിർണ്ണയിക്കുകയോ റെഗുലറൈസ് ചെയ്ത് അസസ്സ്മെൻറ് നടത്തുകയോ ചെയ്യാതെ ഈ സ്ഥാപനം ദീർഘകാലമായി

പ്രവർത്തിച്ച് വരുന്നു.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം= 829.92 ചതുരശ്ര മീറ്റർ

1ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി= 40

അടിസ്ഥാന വസ്തു നികുതി =829.92x40=33197/-

അപാകതകൾ പരിഹരിച്ച് റെഗുലറൈസ് ചെയ്യുന്നത് വരെ ടി കെട്ടിടത്തെ അനധികൃത നിർമ്മാണത്തിൽപ്പെടുത്തി UA നമ്പർ നല്കി മൂന്ന് മടങ്ങ് നികുതി ഡിമാൻറ് ചെയ്യാവുന്നതാണെന്നിരിക്കെ, പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള ഈ ഓഡിറ്റോറിയം യാതൊരു നികുതിയുമില്ലാതെ ദീർഘകാലമായി പ്രവർത്തിച്ച് വരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കടുത്ത അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കൂടാതെ ശ്രീമതി ഫാസില അബ്ദുൾ സലാം എന്നയാളുടെ ഉടമസ്ഥതയിലുള്ള KPBR ലംഘിച്ച് നിർമ്മാണം നടത്തിയ 918.6 ചതുരശ്ര മീറ്ററിലുള്ള മെഹന്തി ഓഡിറ്റോറിയവും റെഗുലറൈസ് ചെയ്തിട്ടില്ല. UA നമ്പർ നൽകുകയോ മറ്റ് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാതെ ഈ സ്ഥാപനവും സുഗമമായി പ്രവർത്തിച്ച് വരുന്നു.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം= 918.6 ചതുരശ്ര മീറ്റർ

1ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി= 40

അടിസ്ഥാന വസ്തു നികുതി =918.6*40=36744/-

അസസ്സ് ചെയ്യാത്ത കെട്ടിടങ്ങളിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 12 തീയതി, 30.08.17)ന് ലഭ്യമാക്കിയ മറുപടിയിൽ ആയവ അസസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം വർഷം തോറും പഞ്ചായത്തിന് ലഭിക്കുമായിരുന്ന ലക്ഷക്കണക്കിന് രൂപയുടെ വരുമാനം, തുടർ നടപടികളൊന്നും സ്വീകരിക്കാത്തതുമൂലം വർഷങ്ങളായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിന് കാലാകാലങ്ങളിലുള്ള സെക്രട്ടറിമാർ ഉത്തരവാദികളാണ്. ഈ വിഷയത്തിൽ അടിയന്തിര പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകതകൾ

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്/ഈടാക്കിയിട്ടില്ല

a.)Keya Food International എന്ന സ്ഥാപനത്തിൻെറ ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയതിൽ കുറവ് ഉള്ളതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരൻെറ പേര് | ഒന്നാം അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം/തീയതി | കുറവ് |
|---|---|---|---|---|---|---|
| 1 | ലതിക ഇ, | 1,32,456 | 1250/- | 300/- | 11601500008 /30.08.2016 | 950/- |
| 2 | ശ്രീജേഷ് പി എം | 80136/- | 750/- | 600/- | “ | 150/- |
| 3 | വിനേഷ് | 75078/- | 750/- | 600/- | “ | 150/- |
| 4 | ക്ലിൻറ് പി ജോസ്. | 131706/- | 1250/- | 1000/- | “ | 250/- |
| ആകെ | | | | | | 1500/- |

b)ബാങ്ക് ഓഫ് ഇന്ത്യ, കുത്തിയതോട് ശാഖയിലെ ജീവനക്കാരനായ ശ്രീ.ദയാനന്ദ്, ക്ലാർക്കിൻെറ ഒന്നാം അർദ്ധവർഷ തൊഴിൽനികുതിയായ 1250/- രൂപ ഈടാക്കിയിട്ടില്ല.

2. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധ | രണ്ടാം അർദ്ധ |
|---|---|---|
| | | |
| പോസ്റ്റ് ഓഫീസ് പള്ളിത്തോട് | ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| സതേൺ റെയിൽവേ, തിരുവനന്തപുരം | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടുണ്ട് |
| ഇന്ത്യാ ഇൻഫോലൈൻ ഫിനാൻസ് ലിമിറ്റഡ് | ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| അമൃത ഹോസ്പിറ്റൽ, 108ആംബുലൻസ് | ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല |
| VKL സീസണിങ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒടുക്കിയിട്ടില്ല. | ഒടുക്കിയിട്ടുണ്ട് |

3.പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപന/തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

1. BSNL,കുത്തിയതോട്
2. പറയകാട് സർവ്വീസ് സഹകരണ ബാങ്ക് (Ist half ഒടുക്കിയിട്ടില്ല.)
3. സപ്ലൈകോ സൂപ്പർ മാർക്കറ്റ്,ഉറവൂർ
4. പറയകാട് റൂറൽ ഹൗസിങ് കോ ഓപ്പറേറ്റീവ് ബാങ്ക്
5. ക്ഷീര വ്യവസായ സംഘം, പറയകാട്
6. മുത്തൂറ്റ് ബാങ്ക് (2nd half ഒടുക്കിയിട്ടുണ്ട്)
7. മുത്തൂറ്റ് ഫിൻകോർപ്
8. ഫുഡ് സർവ്വീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, നികുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പലിശ സഹിതം തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഓഡിറ്റിൽ ഹാജരാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2-3 ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പെർമിറ്റിനായി അപേക്ഷ സമർപ്പിച്ച താഴെപ്പറയുന്നവരുടെ അപേക്ഷകളിൻമേൽ LSGD ഓവർസിയർ നടത്തിയ സൈറ്റ് പരിശോധനയിൽ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പ് തന്നെ കെട്ടിട നിർമ്മാണം ആരംഭിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം ആരംഭിച്ചതിനുശേഷം പെർമിറ്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ രാജിയാക്കൽ ഫീസ് വാങ്ങേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫീസ് മാത്രം വാങ്ങി നിർമ്മാണാനുവാദം നൽകിയിരിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(4)-ൽ അനുശാസിക്കും പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കാത്തതിനാൽ വരുമാന നഷ്ടം സംഭവിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

| അപേക്ഷകന്റെ പേര് | പ്ലിന്ത് ഏരിയ/ പെർമിറ്റ് നം | ഈടാക്കേണ്ട രാജിയാക്കൽഫീസ് (പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങ്) | പെർമിറ്റ് രജിസ്റ്റർ പ്രകാരം ഈടാക്കിയ ഫീസ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| സിനേഷ്കുമാർ, പാടത്തു തയ്യിൽ | $92.98m^2$ 4638/16-17 | 558 | 279 | 279 | വീട് നിർമ്മാണം. സൈറ്റ് പരിശോധനയിൽ ഫൗണ്ടേഷൻ പണി പൂർത്തീകരിച്ചിട്ടുണ്ട് |
| ഷംല കാസിം | $174.70m^2$ 3276/16-17 | 1048 | 525 | 523 | വീട് നിർമ്മാണം<br>സൈറ്റ് പരിശോധനയിൽ റൂഫ് ലെവൽ വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട് |
| മിനി, കാട്ടറക്കൽ | $112.34\ m^2$ 186/16-17 | 674 | 339 | 335 | വീട് നിർമ്മാണം<br>സൈറ്റ് പരിശോധനയിൽ റൂഫ് ലെവൽ വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട് |
| ദേവസി, കളത്തിപ്പറമ്പിൽ | $65.68m^2$ 188/16-17 | 394 | 197 | 197 | വീട് നിർമ്മാണം<br>സൈറ്റ് പരിശോധനയിൽ പ്ലിൻത് ലെവൽ വരെയുള്ള പണി പൂർത്തീകരിച്ചിട്ടുണ്ട് |
| കെ.എൻ.വൽസലൻ, നടീപ്പറമ്പ് (വാണിജ്യം) | $869.03\ m^2$ | 8690 | 5220 | 3470 | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം - ക്രമവൽക്കരണത്തിനുള്ള അപേക്ഷ |
| ആകെ | | | | 4804 | |

കുറവു വന്ന തുക മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 2-4 വാടകക്കാരിൽ നിന്നും ഡി & ഓ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന 30 വ്യക്തികൾക്കാണ് പഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് ലൈസൻസ് ചട്ടങ്ങൾ സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ, അസഹ്യതയോ ഉണ്ടാകാൻ സാധ്യതയുള്ള ഏതൊരു സ്ഥാപനവും ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ വാടകക്കാരിൽ നിന്നും ഡി & ഓ

ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16) മറുപടി ലഭ്യമാക്കിയില്ല. താഴെ കാണിച്ചിരിക്കുന്ന വ്യക്തികളിൽ നിന്നും ഈടാക്കാനുള്ള തുക സെക്ഷൻ 255 (ചട്ടം-26) പ്രകാരമുള്ള 1000/- രൂപ പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | കടമുറി നം. |
|---|---|---|
| 1. | പ്രകാശൻ, തൈക്കാട്ടുനികർത്ത് | കെപി.II/211 |
| 2. | സൽമത്ത് ബീവി, വാലയിൽ | കെപി.II/212 |
| 3. | സൽമത്ത് ബീവി, വാലയിൽ | കെപി.II/213 |
| 4. | കുഞ്ഞുമണി, വെളിയിൽ | കെപി.II/214 |
| 5. | മോഹനൻ, കൊല്ലശ്ശേരി | കെപി.II/215 |
| 6. | സേവ്യർ,കൊല്ലശ്ശേരി | കെപി.II/215 സി |
| 7. | രാജേഷ്, കളത്തിപ്പറമ്പിൽ | കെപി.II/215എ |
| 8. | ജയചന്ദ്രൻ, ഇരവിമംഗലം | കെപി.II/215 ബി |
| 9. | പീറ്റർ പുഷ്പി, കൊടിപ്പറമ്പിൽ | കെപി.II/215 ഡി |
| 10. | പി.പി.തങ്കപ്പൻ, പുത്തൻപുരയിൽ | കെപി.II/311 സി |
| 11. | ആന്റണി, ഇടപ്പറമ്പിൽ, | കെപി.II/311ഇ |
| 12. | പ്രദീപൻ, വേലിയകത്ത് | കെപി.II/310 |
| 13. | അനിക്കുട്ടൻ, മാലിയിൽ | കെപി.II/310 ജി. |
| 14. | ബൈജു, ബൈജു നിവാസ് | കെപി.II/ 310 എച്ച് |
| 15. | നവീൻ, ചിത്തിര | കെപി.II/ 310 ഐ |
| 16. | സുബാഹു, കളത്തിൽ, | കെപി.II/ 310ജെ |
| 17. | ജി.ബിജീഷ്, ഇടമുറിയിൽ | കെപി.II/ 310ഇ |
| 18. | അനസ്, കൊച്ചുവെളി. | കെപി.II/311 |

| | | |
|---|---|---|
| 19. | കെ.സി. ധന്യമോൾ, ചൈതന്യ | കെപി.II/311ബി |
| 20. | ദീനി മധുസൂദനൻ, കണ്ടത്തിൽ | കെപി.II/311എ |
| 21. | രാമനാഥപ്രഭു, വൈകുണ്ഠം | കെപി.II/310എ |
| 22. | ഫറൂഖ്, നികർത്തിൽ | കെപി.II/215,ഇ |
| 23. | രാജീവ്, ഇല്ലിക്കൽ | കെപി.II/310 ഡി |
| 24. | ഷിഹാബുദ്ദീൻ, കുന്നങ്കൽത്തറ | കെപി.II/310ഇ |
| 25. | ശശികുമാർ, കുന്നങ്കൽത്തറ | കെപി.II/210 |
| 26. | ഷിഹാബുദ്ദീൻ, കുന്നങ്കൽത്തറ | കെപി.II/310സി |
| 27. | നസീമനസീർ, കളത്തിപ്പറമ്പിൽ | കെപി.II/310 എഫ് |
| 28. | സുരേഷ്,<br>കൊച്ചുതട്ടാപറമ്പിൽ കോളനി, | കെപി.II/310 ബി |
| 29. | രാജപ്പൻ, ദേവസ്വംചിറ | കെപി.II/311എഫ് |
| 30. | ഷാജി, കൈതക്കാട്, | കെപി.II/311 ഡി |

## 2-5 ഡി ആൻറ് ഒ ലൈസൻസ് ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം 100$m^2$ൽ താഴെയുള്ള 1121കെട്ടിടങ്ങളും, 100$m^2$ ൽ കൂടുതലുള്ള 28 കെട്ടിടങ്ങളും അങ്ങിനെ ആകെ 1149 കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് എന്ന പേരിൽ പഞ്ചായത്തിൽ വസ്തുനികുതി ഒടുക്കിവരുന്നുണ്ട്. എന്നാൽ ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ കേവലം 230 പേരിൽ നിന്നു മാത്രമാണ് ഡി & ഒ ലൈസൻസ് ഈടാക്കി വരുന്നതെന്ന് കാണുന്നു. ബാക്കിയുള്ളവരിൽ നിന്നും ഡി&ഒ ലൈസൻസോ, തൊഴിൽ നികുതിയോ ഈടാക്കുന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/26.8.17) നൽകിയ മറുപടിയിൽ ഇക്കാര്യത്തിൽ പഞ്ചായത്തധികൃതർ സ്ഥിരീകരിച്ചിട്ടുണ്ട്. കൂടുതൽ ശക്തമായ ഫീൽഡ് തല പരിശോധനകൾ നടത്തി ലൈസൻസിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ കണ്ടെത്തി നടപടികളെടുക്കുന്നതാണെന്നും, അത് യഥാസമയം റിപ്പോർട്ട് ചെയ്തുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 തനതു ഫണ്ടിന് പലിശ വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ജില്ലാ സഹകരണ ബാങ്കിന്റെ കുത്തിയതോട് ശാഖയിലുള്ള പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ ശരാശരി ഒരു കോടിയിൽ പരം രൂപ ബാക്കിനിൽക്കുന്നുണ്ട്. ഇതിൽ നിന്നും 50,00,000/- രൂപ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം 13-04-2016 ൽ, 180 ദിവസത്തേയ്ക്ക് ജില്ലാ സഹകരണ

ബാങ്കിന്റെ കുത്തിയതോട് ശാഖയിൽ സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു ശേഷവും 50,00,000/- രൂപയോളം തനതു ഫണ്ടിൽ ബാക്കി നിൽക്കുന്നതായി കാണുന്നു. ഈ തുകയ്ക്ക് 3.5% മാത്രമാണ് പലിശയിനത്തിൽ ലഭ്യമാകുന്നത്. എന്നാൽ ഈ തുക സ്വീപ്പ്-ഇൻ-സ്വീപ്പ് ഔട്ട് പോലെയുള്ള സ്കീമുകളിൽ നിക്ഷേപിച്ചാൽ 7% പലിശ ലഭിക്കുമെന്ന് മാത്രമല്ല, ഈ തുക പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി ഏതു സമയത്തും, എത്ര തുക വേണമെങ്കിലും പിൻവലിക്കുകയും ചെയ്യാവുന്നതാണ്. വരുമാന വർദ്ധനവിനായി ഈ രീതികൾ അവലംബിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ഇക്കാര്യം പഞ്ചായത്ത് പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബിറ്റുമിന്റെ വിപണി വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി.

കൺവീനർമാർ ചെയ്ത ടാറിംഗ് പ്രവൃത്തികളുടെ ചെലവു കണക്കുകൾ പരിശോധിച്ചതിൽ ബിറ്റുമിൻ വാങ്ങിയതിന് വന്ന ചെലവ് കടത്തുകൂലി ഉൾപ്പെടാതെ കിലോഗ്രാമിന് 32/-, 34/-, 35/-രൂപ എന്നിങ്ങനെയാണ്. മാർക്കറ്റിൽ ബിറ്റുമിന് കുറഞ്ഞ വിലയുള്ളപ്പോൾ താഴെപ്പറയുന്ന DSR പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾക്ക് കോസ്റ്റ് ഇൻഡക്സ് സഹിതം (കടത്തുകൂലി ഉൾപ്പെടാതെ)ഒരു കിലോഗ്രാമിന് 73.73/-രൂപയും SOR പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 44.059/-രൂപയുമാണ് നിരക്കിൽ അനുവദിച്ചിരിക്കുന്നത്. വിപണി വില വ്യത്യാസം ചുവടെ കൊടുക്കുന്നു.

| നിരക്കിൽ കോസ്റ്റ് ഇൻഡക്സ് സഹിതം അനുവദിച്ചത് | കൺവീനർക്ക് ബിറ്റുമിൻ വാങ്ങിയതിന് കി.ഗ്രാമിന് വന്ന ചെലവ് | വ്യത്യാസം |
|---|---|---|
| 73.73 | 32 | 41.73 |
| 73.73 | 34 | 39.73 |
| 73.73 | 35 | 38.73 |

മേൽപ്പറഞ്ഞ വിധമുള്ള വില വ്യത്യാസം കുറവ് ചെയ്യാതിരുന്നത് താഴെപ്പറയുന്ന പ്രവൃത്തികളിൽ അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അളവുപുസ്തകം പ്രകാരം ഉപയോഗിച്ച ബിറ്റുമിന്റെ അളവ്/ അനുവദിച്ച നിരക്ക് | കൺവീനർക്ക് ബിറ്റുമിൻ വാങ്ങിയതിന് കി.ഗ്രാമിന് വന്ന ചെലവ് | കുറവു ചെയ്യേണ്ടിയിരുന്ന തുക | കുറവു ചെയ്തത് | അധികം നൽകാനിടയായ തുക |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 1 | മംഗലത്തു ചിറയിൽ റോഡ് മെറ്റലിംഗും & ടാറിംഗും കാന നിർമ്മാണവും | 474 കി.ഗ്രാം @73.73/- | 35 | 18358 (474x38.73) | 9181 | 8921 |
| 2 | പള്ളിത്തോട് IHDP കോളനി റോഡ് റീ ടാറിംഗ് | 1385.54 @73.73/- | 32 | 99384 (1385.54x12.059) | ----- | 57819 |
| 3 | തഴുപ്പ് റെയിൽവേ സ്റ്റേഷൻ റോഡ് ടാറിംഗ് | 4650.91 @73.73/- | 35 | 180130 (4650.91x38.73) | 76321 | 103809 |
| 4 | ഇരുമ്പൻചിറ റോഡ് മെറ്റലിംഗും ടാറിംഗും | 2425.05 @73.73/- | 34 | 96347 (2425.05x39.73) | 40094 | 56253 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | | 226802 |

സാങ്കേതിക വിദഗ്ധൻ രേഖപ്പെടുത്തുന്ന അളവനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബില്ല് തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവഴിച്ച ആകെ തുകയോ ഏതാണോ കുറവ് അതാണ് സമിതിക്ക് നൽകേണ്ടത്. ഈ നിബന്ധനയ്ക്ക് വിരുദ്ധമായി ഒരിനം പ്രവൃത്തിയുടെ ഘടകങ്ങളേയും അനുബന്ധ ഘടകങ്ങളേയും വ്യത്യസ്തമായി വീക്ഷിച്ച് മാർക്കറ്റ് വിലകുറവുള്ള ഇനം മാത്രമായി വേർതിരിച്ച് തുക അധികമായി നൽകിയെന്ന് പരാമർശിക്കുന്നത് വസ്തുതാപരമല്ല എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 30.08.17ലെ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി.

ചീഫ് എഞ്ചിനീയറുടെ ഡിബി 6/4308/15/സി.ഇ/തസ്വഭവ പ്രകാരം CPWD/MORD/DSR നിരക്ക് ഉപയോഗിച്ച് നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് നൽകേണ്ടതില്ല എന്ന് ഉത്തരവുള്ളതിനാൽ മേൽമറുപടി അംഗീകരിക്കുന്നില്ല. വിപണിയിലെ കുറഞ്ഞ വിലയിൽ കൺവീനർക്ക് ബിറ്റുമിൻ ലഭിച്ചതിന് ബിൽ ഹാജരാക്കിയിട്ടും ഉയർന്ന നിരക്ക് അനുവദിച്ചതും മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശം പാലിക്കാതിരുന്നതും അധികച്ചെലവിനിടയാക്കി. ടി തുക കൺവീനർമാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

<u>അനുബന്ധ വിവരം</u>

| പ്രവൃത്തി | കൺവീനർ | അളവു പുസ്തകം | ചെലവു വിവരം |
|---|---|---|---|
| മംഗലത്തു ചിറയിൽ റോഡ് മെറ്റലിംഗും & ടാറിംഗും കാന നിർമ്മാണവും | ജയരാജൻ | 39/16-17 | ബിൽ നം. 24/30-03-17, 268328/-രൂപ |
| പള്ളിത്തോട് IHDP കോളനി റോഡ് റീ ടാറിംഗ് | അജിത് | 29/15-16 | ബിൽ നം. 3/30-01-17, 228395/-രൂപ |
| തഴപ്പ് റെയിൽവേ സ്റ്റേഷൻ റോഡ് ടാറിംഗ് | സൈഫുദ്ദീൻ | 36/16-17<br>37/16-17 | ബിൽ നം. 18/24-03-17, 520000/-രൂപ<br>ബിൽ നം. 19/24-03-17, 7524/-രൂപ<br>ചെക്ക് നം. 1121676/21-03-17, 148772/-രൂപ |
| ഇരുമ്പൻചിറ റോഡ് മെറ്റലിംഗും ടാറിംഗും | രത്നാകരൻ | 01/15-16 | ബിൽ നം. 2/21-10-16, 468296/-രൂപ |

## 3-2 <u>കോൺക്രീറ്റിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചു - അധികച്ചെലവ് **19008/-**</u>

പ്രവൃത്തി - NCC പഴക്കാട്ട് റോഡ് ഫോർമേഷനും കാന കോൺക്രീറ്റിംഗും -
പ്രോജക്ട് നം. S0098/17
അടങ്കൽ – 4.25 ലക്ഷം

കൺവീനർ-സീമ പ്രദീപ്

അളവു പുസ്തകം - 35/15-16

ചെലവു വിവരം - ബിൽ നം 5/15-02-17, 32610/-രൂപ

ബിൽ നം 6/15-02-17, 358000/-രൂപ

11.09.15 ൽ സാങ്കേതികാനുമതി കിട്ടിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് DSR 2014 സ്പെസിഫിക്കേഷനിലാണ്. ഗുണഭോക്തൃസമിതി ചെയ്ത പ്രസ്തുത പ്രവൃത്തിയിൽ കാനയുടെ പാർശ്വഭിത്തി നിർമ്മിച്ചിരിക്കുന്നതും വിയറിംഗ് കോട്ട് നൽകിയിരിക്കുന്നതും 1:3:6 using 20mm ബ്രോക്കൺ സ്റ്റോൺ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിലാണ്. ഇത് 18.76 $m^3$ ചെയ്തതിന് 7143.34/$m^3$ നിരക്കിൽ 133373.30 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. ടിയിനത്തിന് അനുവദിച്ചിരിക്കുന്ന നിരക്ക് 4.5.3 അനുസരിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന് അനുവദനീയമായത് സ്പെസിഫിക്കേഷൻ 4.1.5 പ്രകാരമുള്ള 6125.29/$m^3$ എന്ന നിരക്കാണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി.വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| അനുവദിച്ചത് | 18.671 @ 7143.34/$m^3$ | 133373 |
| അനുവദനീയമായത് | 18.671 @ 6125.29/$m^3$ | 114365 |
| അധികം | | 19008 |

അധിക തുക നൽകിയിരിക്കുന്നത് പഞ്ചായത്തിൽ അടക്കുന്നതിന് കൺവീനർക്ക് കത്തു നൽകുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ 30.08.17ലെ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി. ടി തുക കൺവീനറിൽ നിന്നും ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-3 സെന്ററിംഗ് & ഷട്ടറിംഗ് എന്ന ഇനത്തിന് ഉയർന്ന നിരക്ക് അനുവദിച്ചു - അധികച്ചെലവ് 2330/-

പ്രവൃത്തി - പ്രിയദർശിനി റോഡിന് കാന നിർമ്മാണം വാർഡ് -10
പ്രോജക്റ്റ് നം. S0065/17
അടങ്കൽ – 1 ലക്ഷം

കൺവീനർ-ലത്തീഫ്

അളവു പുസ്തകം - 40/15-16

ചെലവു വിവരം - ബിൽ നം. 20/30-03-17 രൂപ-1 ലക്ഷം

10-ാം വാർഡിൽ പ്രിയദർശിനി റോഡിന് കാന നിർമ്മിച്ച് സ്ലാബിടുന്നതിന് ടി പ്രോജക്റ്റ് ലക്ഷ്യമിടുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പാർശ്വഭിത്തിയുടെ നിർമ്മാണത്തിൻ centering &shuttering എന്ന ഇനം 45$m^2$ ചെയ്തതിന് അനുവദിച്ച നിരക്ക 508.93/$m^2$ ആണ്. എന്നാൽ ടിയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 457.15/$m^2$ ആണ്. (സ്പെസിഫിക്കേഷൻ 5.9.2). ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി.വിശദാംശം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| അനുവദിച്ചത് | 45 x 508.93/$m^2$ | 22902 |
| അനുവദനീയമായത് | 45x 457.15/$m^2$ | 20572 |
| അധികം | | 2330 |

അധിക തുക നൽകിയിരിക്കുന്നത് പഞ്ചായത്തിൽ അടക്കുന്നതിന് കൺവീനർക്ക് കത്തു നൽകുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ 30.08.17ലെ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടി. ടി തുക കൺവീനറിൽ നിന്നും ഈടാക്കിയതിന്റെ വിവരംഅറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-4 ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയിൽ ക്ലിപ്തപ്പെടുത്തി നൽകിയില്ല

തഴപ്പ് റെയിൽവേ സ്റ്റേഷൻ റോഡ് ടാറിംഗ്

പ്രോജക്റ്റ് നമ്പർ - S0157/16
അടങ്കൽ- 7,68,000/-

കൺവീനർ - സൈഫുദ്ദീൻ

അളവു പുസ്തകം -36/16-17

37/16-17

ചെലവ് വിവരം - ബിൽ നം 18/24-03-17 രൂപ-5,20,000/-

ബിൽ നം 18/24-03-17 രൂപ-7524/-

ചെക്ക് നം 1121676/21-03-17 രൂപ-1,48,772/-

ടി പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി 18-02-17ൽ അംഗീകരിച്ച കണക്കുകൾ പ്രകാരം സാധന വിലയും കൂലിയും ഉൾപ്പെടെ ആകെ ചെലവ് 680094/-രൂപയാണ്. അളവു പുസ്തകം അനുസരിച്ച് ചെയ്ത വേലയുടെ മൂല്യം തിട്ടപ്പെടുത്തിയിരിക്കുന്നത് 725074/- രൂപയായാണ്. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരം എഞ്ചിനിയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവോ അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. അതിനാൽ 680094/-രൂപയിൽ മൂല്യം തിട്ടപ്പെടുത്തി വേണമായിരുന്നു കൺവീനർക്ക് തുക അനുവദിക്കേണ്ടത്. അപ്രകാരം ചെയ്യാതിരുന്നതിനാൽ 44980/- (725094-680094) രൂപ അധികം നൽകാനിടയായി.

ഗുണഭോക്തൃസമിതി കൺവീനർ നൽകിയ കണക്കിലെ ക്ലറിക്കൽ എററാണ് ഇങ്ങനെ സംഭവിക്കാൻ ഇടയായതെന്നും യഥാർത്ഥ ചെലവ് കൺവീനർ നൽകിയത് പരിശോധിച്ച് തുടർനടപടിക്കായി സമർപ്പിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടി. ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയിൽ ക്ലിപ്തപ്പെടുത്തി അധികം നൽകിയ തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 3-5 കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില (50600/t) ഉൾപ്പെടുത്തിയാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | ഇരുമ്പൻചിറ റോഡ് മെറ്റലിംഗും ടാറിംഗും |
| പ്രോജക്ട് നമ്പർ/അടങ്കൽ | S0060/17/498000 |
| കൺവീനർ | രത്നാകരൻ |
| അളവു പുസ്തകം | 01/15-16 |
| ചെലവ് വിവരം | ബിൽ നം 2/21-10-16 രൂപ-468296 |
| ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 2425.05 കി.ഗ്രാം (15 ബാരൽ) |
| ഈടാക്കേണ്ടിയിരുന്ന വീപ്പയുടെ വില | 15@250 = 3750/- |

കാലി വീപ്പയുടെ വില ഈടാക്കുന്നതിന് കൺവീനർക്ക് കത്തു നൽകുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ മറുപടി

കാലി വീപ്പയുടെ വില ഈടാക്കാതിരുന്നത് വഴി നഷ്ടമായ 3750/-രൂപ ബന്ധപ്പെട്ട കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-6 തൊഴിലുറപ്പ് പദ്ധതി - കൈനകരിചിറ ബണ്ട് നിർമ്മാണം വാർഡ്-8 - ഉയർന്ന

<u>നിരക്ക് അനുവദിച്ചു</u>

മുളംകുറ്റികൾ ഉപയോഗിച്ച് മല്ല് കെട്ടി ഉറച്ച ചെളിയിട്ട് ബണ്ട് നിർമ്മിക്കുന്നതിന് അനുവദിച്ചിരിക്കുന്ന നിരക്ക് 452.22/മീറ്റർ ആണ്. 10മീറ്റർ ചെയ്യുന്നതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുള നാട്ടി മല്ല് കെട്ടുന്നതിന് 5 ആൺ/പെൺ @ 240 | 1200 |
| ഉറച്ച ചെളിയിട്ട് ബണ്ട് പിടിപ്പിക്കുന്നതിന്<br>10 x (2+2.5)/2 x 1.5 = 33.75$m^3$ @ 842.16/10 $m^3$ | 2842.29 |
| ബണ്ട് സംരക്ഷിക്കുന്നതിന് 2 ആൺ/പെൺ @ 240 | 480 |
| ആകെ | 4522.29 |
| ഒരു മീറ്ററിന് അനുവദനീയമായത് | 452.22 |

ടി പ്രവൃത്തി 148 മീറ്റർ നീളത്തിൽ ചെയ്യതിന് 452.22/മീറ്റർ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും മസ്റ്റർ റോൾ പ്രകാരമുള്ള തുകയിൽ ക്ലിപ്തപ്പെടുത്തി 66240/-രൂപ അനുവദിച്ചിട്ടുണ്ട്. മേൽ ഡേറ്റ പരിശോധിച്ചതിൽ ഉപയോഗ കാലഘട്ടം മുഴുവൻ സംരക്ഷിക്കുന്നതിനാണ് 480/-രൂപ അനുവദിച്ചിരിക്കുന്നത്. ടി പ്രവൃത്തി നടപ്പാതയായി ഉപയോഗിക്കുന്നതിനാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ ഉപയോഗ കാലഘട്ടം മുഴുവൻ സംരക്ഷിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രായോഗികമല്ലാത്തതിനാൽ റിംഗ് ബണ്ട് നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടി നിരക്ക് ഉൾപ്പെടുത്തേണ്ടതില്ല. ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി. അനുവദനീയമായ നിരക്ക് - 4522.29 – 480 = 4042.29/10 മീറ്റർ

404.22/ മീറ്റർ

അനുവദിക്കാവുന്ന തുക - 148 @404.22 = 59825

അനുവദിച്ചത് -- 66240

അധികം - 66240- 59825 = 6415/-

ടി തുക എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| അളവു പുസ്തകം | 1/2016-17 |
| ചെലവു വിവരം | FTO 42367/01-06-16 |
| | 42379/01-06-16 |
| | 49479/08-06-16 |
| | 49489/08-06-16 |
| | വൗച്ചർ നം. 21600308/18-08-16 |

## 3-7 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ട് നമ്പർ 21/17

തെങ്ങ് കൃഷി-ഗുണമേന്മയുള്ള തൈ വിതരണം - എന്ന പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ, സ്റ്റേറ്റ് സീഡ് ഫാം പനച്ചേരി എന്നിവിടങ്ങളിൽ നിന്നും 440 തെങ്ങിൻ തൈകൾ വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ 6/16-17, 31.3.17 – 22000). എന്നാൽ തെങ്ങിൻ തൈ വിതരണത്തിൽ ഏകീകൃത മാനദണ്ഡം പാലിച്ചിട്ടുള്ളതായി കാണുന്നില്ല. തെങ്ങിൻ തൈ വിതരണ രജിസ്റ്റർ പുറം 140, 141 എന്നിവ പ്രകാരം പല ഗുണഭോക്താക്കൾക്കും 40, 30, 20, 15 എന്നിങ്ങനെയും മറ്റു പലർക്കും 3, 4 എന്നിങ്ങനെയുമാണ് വിതരണം നടത്തിയിട്ടുള്ളത്. തൈ വിതരണത്തിനായി പ്രത്യേകം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ തെങ്ങിൻ തൈ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷയോ ഇത്രയുമധികം തൈകൾ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ ഭൂവിസ്തൃതി ഗുണഭോക്താക്കൾക്കുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ ഭൂനികുതി ഒടുക്കിയ രസീതോ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്നും വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഈ പദ്ധതി സംബന്ധിച്ച് ശരിയായ അവബോധം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല എന്നത് വ്യക്തമാണ്. ആയതിനാൽ നിശ്ചിത സമയത്ത് ഗുണഭോക്തൃവിഹിതം ഒടുക്കിയ വ്യക്തികൾക്ക് കൂടുതൽ എണ്ണം തൈകൾ വീതം വിതരണം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിക്കുകയും ഏകീകൃത മാനദണ്ഡത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പ്രോജക്ട് നമ്പർ 105/17,

സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- പദ്ധതി പ്രകാരം എൽ.ഇ.ഡി ബൾബ്, ഹോൾഡർ, ഷേയ്ഡ് എന്നിവയ്ക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സി.സി.സി സൂപ്പർ മാർക്കറ്റിൽ നിന്നും (ബിൽ നമ്പർ 46/16-17 22.3.17), 65319രൂപയുടെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 19.6.2017 വരെ 317 ഷേയ്ഡുകളും 160 ഹോൾഡറും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പുറം 22,23 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം 320 ഷേയ്ഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 16 വാർഡുകളിലേക്ക് 10 എണ്ണം വീതം രണ്ട് തവണയായി വിതരണം ചെയ്തതായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഇവ ആര് കൈപ്പറ്റിയെന്നോ ഏത് തിയതിയിൽ വിതരണം ചെയ്തെന്നോ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കൈപ്പറ്റിയ സാധനങ്ങൾ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. അതുപോലെ പെൻഡന്റ് ഹോൾഡർ ആകെ 320 എണ്ണം വാങ്ങിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പുറം 24, 34 എന്നിവ പ്രകാരം 345 എണ്ണം വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇവ ആരും തന്നെ കൈപ്പറ്റിയതായോ, വിനിയോഗിച്ചിട്ടുള്ളതായോ ഉള്ള സാക്ഷ്യ പത്രങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും സ്ട്രീറ്റ് ലൈറ്റ് സാമഗ്രികളുടെ വിനിയോഗം സുതാര്യമാക്കേണ്ടതുമാണ്. ആയതിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 റോഡിതര സംരക്ഷണ ഗ്രാന്റുപയോഗിച്ച് വെള്ളക്കരം ഒടുക്കൽ - അപാകതകൾ.

പ്രോജക്ട് നമ്പർ - 169/17

12ലക്ഷം രൂപ അടങ്കലിൽ ഡി.പി.സി അംഗീകാരം ലഭിച്ച വെള്ളക്കരം ഒടുക്കൽ പദ്ധതി പ്രകാരം 3/2016 മുതൽ 2/2017 വരെയുള്ള വെള്ളക്കരം പ്രതിമാസം 100625 രൂപ നിരക്കിൽ ഒടുക്കുന്നതിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഓരോ മാസത്തേയും വെള്ളക്കരം കുടിശികയില്ലാതെ തൊട്ടടുത്ത മാസം തന്നെ തനത് ഫണ്ടിൽ നിന്നും ഒടുക്കിവരുന്നുണ്ട്. ആയതിനാൽ കുടിശികയൊന്നും ഇല്ലാതിരിക്കെ തനത് ഫണ്ടിൽ ധാരാളം തുക ബാക്കി നിൽക്കുന്ന (തൻവർഷം 50 ലക്ഷം രൂപ തനത് ഫണ്ട് സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. ഇത് തനത് ഫണ്ട് നീക്കിയിരിപ്പുണ്ടെന്നുള്ളതിന് തെളിവാണ്.) സാഹചര്യത്തിൽ റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 12 ലക്ഷം രൂപ തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തിട്ടുണ്ട്. സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖ പ്രകാരം സംരക്ഷണ ഗ്രാന്റുപയോഗിച്ച് അതാത് മാസത്തെ വെള്ളക്കരം ഒടുക്കാൻ അനുവാദമില്ലായെന്നിരിക്കെ ഇപ്രകാരം തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. അതിനാൽ ചെലവഴിച്ച തുക തിരികെ സംരക്ഷണ ഗ്രാന്റിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ബിൽ നമ്പർ -15/16-17/ 22.12.16 -- 805000

16/16-17/ 22.12.16 -- 100625

37/16-17/ 20.3.17 -- 201250

49/16-17/ 31.3.17 -- 93125

## 3-10 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഒടുക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

പ്രോജക്ട് നമ്പർ - 171/17

386000 രൂപ അടങ്കലിൽ ഡി.പി.സി അംഗീകാരം ലഭിച്ച ഈ പദ്ധതി പ്രകാരം 9/2016 മുതൽ 2/2017 വരെയുള്ള സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് പ്രതിമാസം 63177 രൂപ നിരക്കിൽ ഒടുക്കുന്നതിനായി 379062രൂപയാണ് ആവശ്യമായിട്ടുള്ളത്. പഞ്ചായത്ത് സെക്രട്ടറിയുടെ 15.3.17ലെ സി.3- 6450/16 നമ്പർ ഉത്തരവ് പ്രകാരം ടി. തുകയാണ് സംരക്ഷണ ഗ്രാന്റിൽ നിന്നും തനത് ഫണ്ടിലേക്ക് റീ ക്ലൂപ്പ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം 385939രൂപ പിൻവലിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഓരോ മാസത്തേയും സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് കുടിശികയില്ലാതെ അതാത് മാസം തന്നെ തനത് ഫണ്ടിൽ നിന്നും ഒടുക്കിവരുന്നുണ്ട്. ആയതിനാൽ കുടിശികയൊന്നും ഇല്ലാതിരിക്കെ തനത് ഫണ്ടിൽ ധാരാളം തുക ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 385939രൂപ തനത് ഫണ്ടിലേക്ക് റീക്ലൂപ്പ് ചെയ്തിട്ടുണ്ട്. വിനിയോഗ ഗ്രാന്റിന്റെ മാർഗ്ഗരേഖ പ്രകാരം സംരക്ഷണ ഗ്രാന്റുപയോഗിച്ച് അതാത് മാസത്തെ വൈദ്യുതി ചാർജ്ജ് ഒടുക്കാൻ അനുവാദമില്ലായെന്നിരിക്കെ ഇപ്രകാരം ചെലവഴിച്ച തുക തിരികെ സംരക്ഷണ ഗ്രാന്റിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

ബിൽ നമ്പർ -38/16-17/20.3.17 – 385939

## 3-11 എൽ.ഇ.ഡി - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പ് അപാകതകൾ

പ്രോജക്ട് നമ്പർ - 195/17, 197/17, 207/17, 208/17

മേൽ പദ്ധതികൾ പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ ഹാവൽസ് ബ്രാന്റിലുള്ള 24W എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് നികുതികൾ ഉൾപ്പെടെ (2400 രൂപ), ഫിറ്റിംഗ് മെറ്റീരിയൽ (200രൂപ), ഫിറ്റിംഗ് ചാർജ്ജ് (200രൂപ) എന്നിങ്ങനെ ആകെ 2800രൂപ നിരക്കാണ് ടെണ്ടറിൽ എഡിസൺ ഇലക്ട്രോണിക്സ് തിരുവാങ്കുളം എന്ന സ്ഥാപനം രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സിബിൻ.എസ്, പള്ളിപ്പാട് നികർത്ത് ഉറവൂർ എന്നയാൾ OLIVE LED സ്ട്രീറ്റ് ലൈറ്റ് 24W ഫിറ്റിംഗ് മെറ്റീരിയൽ, ഫിറ്റിംഗ് ചാർജ്ജ്, നികുതികൾ എന്നിവ ഉൾപ്പെടെ 2300 രൂപയും രേഖപ്പെടുത്തിയിരുന്നു. ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന വ്യക്തിയിൽ നിന്നും സാധനങ്ങൾ വാങ്ങാതിരുന്നതിന് മറ്റ് കാരണങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്താതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രോണിക്സിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന വിധം വിവിധ വാർഡുകളിലേക്കായി 106 സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | വാർഡ് | എണ്ണം |
|---|---|---|
| 195/17 | 5 | 17 |
| 197/17 | 13 | 16 |
| 207/17 | 11 | 61 |
| 208/17 | 6 | 12 |
| ആകെ | | 106 |

മേൽ സൂചിപ്പിച്ചവിധം വാങ്ങിയ ലൈറ്റുകൾക്ക് ഫിറ്റിംഗ് മെറ്റീരിയലിന്റെ വിലയും ഫിറ്റിംഗ് ചാർജ്ജുംനൽകിയിട്ടുള്ളതായി കാണുന്നില്ല. 106 എണ്ണത്തിന് 2400 രൂപ നിരക്കിൽ 254400 രൂപ മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്. ഇതിൽ നിന്നും ടി. ലൈറ്റുകൾ നാളിതുവരെ ഫിറ്റ് ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടുള്ളതായോ അതാത് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളതായോ രേഖപ്പെടുത്തലുകളില്ല.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന വിധം 60 എണ്ണം സ്ഥാപിച്ചതിന് മാത്രമാണ് സൂപ്പർവിഷൻ ചാർജ്ജ് (150x60= 9000രൂപ) കെ.എസ്.ഇ.ബി -ക്ക് നൽകിയിട്ടുള്ളത്.

| പ്രോജക്ട് നമ്പർ | വാർഡ് | എണ്ണം |
|---|---|---|
| 195/17 | 5 | 17 |
| 197/17 | 13 | 16 |
| 207/17 | 11 | 15 |
| 208/17 | 6 | 12 |
| ആകെ | | 60 |

മേൽ സൂചിപ്പിച്ചവിധം 106 ലൈറ്റുകൾക്ക് ഫിറ്റിംഗ് ഉപകരണങ്ങൾ വാങ്ങിയിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ചും പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചും പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

ബിൽ നമ്പർ- 54/16-17/ 31.3.17 -- 40800

55/16-17/ 31.3.17 – 38400

56/16-17/ 31.3.17 – 146400

57/16-17/ 31.3.17 – 28800

## 3-12 <u>വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ - കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല</u>

പ്രോജക്ട് നമ്പർ 192, 193/17 എന്നിവ പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കലിനായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 323550 രൂപയുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | വാർഡ് | ബിൽ നമ്പർ | തുക |
|---|---|---|---|
| 192/17 | 6 | 27/16-17/28.2.17 | 230000 |
| 193/17 | 11 | 29/16-17, 28.2.17 | 93550 |
| ആകെ | | | 323550 |

കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 <u>ഒ.ഡി.എഫ് പദ്ധതി സംബന്ധിച്ച്.</u>

വി.ഇ.ഓ നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതി പ്രകാരം 112 ഗുണഭോക്താക്കൾക്കായി15400രൂപ നിരക്കിൽ പദ്ധതി പണത്തിൽ നിന്നും 1724800 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 11,10,000 രൂപ ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 6,14,800 രൂപ തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 വിഇഒ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

(എ) ഗാർഹിക കുടിവെള്ള പദ്ധതി

വിഇഒ, നാലുകുളങ്ങര സ്പിൽ ഓവർ ആയി നടപ്പിലാക്കിയ S0024/17, തൻവർഷത്തെ S0029/17 എന്നീ ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി പ്രകാരം വാർഷിക വരുമാനം 50000 രൂപയിൽ കുറവുള്ള ഗുണഭോക്താക്കൾക്ക് കേരളാ വാട്ടർ അതോരിറ്റിയിൽ നിന്നും കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് 3000/- രൂപ വീതം സബ്സിഡി നൽകുന്നതിനായാണ് രൂപീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിലവിൽ കുടിവെള്ള കണക്ഷനുള്ള താഴെ പറയുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകി.

| ആനുകൂല്യം കൈപ്പറ്റിയ ആളുടെ പേര് | കണക്ഷൻ ലഭിച്ച തീയതി | ഇൻവോയ്സ് നമ്പർ | നൽകിയ തുക | ബിൽ നം. |
|---|---|---|---|---|
| ഗീത, വിഷ്ണുപ്രിയാലയം | 26/03/2015 | KUV 3078/D | 3000/- | 1/2016-17 dt. 22.09.2016 |
| ഷംല, അടിയ്ക്കകത്ത് | 28/01/2015 | KTD 2272 | 3000/- | 1/2016-17 dt. 22.09.2016 |
| രേണുകാ ദേവി ദിവ്യാ നിലയം | 19/11/2014 | KTD 2160 | 3000/- | 1/2016-17 dt. 22.09.2016 |
| ലൈല, പുന്നയ്ക്കൽ വീട് | 13/01/2014 | KTD 1564 | 3000/- | 126590/31-01-17 |
| ജോസി, പായിക്കാട്ട്ചിറ | 11/03/2015 | KTD 2330 | 3000/- | 126589/31-01-17 |
| രാജമ്മ, പുത്തൻതറ | 01/12/2014 | KTD 2194 | 3000/- | 126588/31-01-17 |
| അന്നക്കുട്ടി, മുണ്ടംകാട്ടിൽ | 09/01/2014 | KTD 1559 | 3000/- | 126587/31-01-17 |
| അജിമോൾ, ഗൗളിത്തറ നികർത്തിൽ | 31/03/2014 | KTD 1787/D | 3000/- | 126586/31-01-17 |
| ബേബി, അശ്വതി ഭവൻ | 31/03/2014 | KTD 1786/D | 3000/- | 126584/31-01-17 |
| അബ്ദുൾകരീം, ചിറയിൽ | 27/03/2015 | KTD 3123 | 3000/- | 126573/31-01-17 |
| അമ്മുക്കുട്ടി, പുത്തേഴത്തിൽ | 21/03/2015 | KTD 2782 | 3000/- | 126567/31-01-17 |
| ലത, ശ്രീനിലയം | 10/2013 (2013 ന് മുമ്പ്) | KTD(JM) 1061 | 3000/- | 126552/31-01-17 |

| | | | | |
|---|---|---|---|---|
| ഗീത, നികർത്തിൽ | 23/01/2014 | KTD 1941 | 3000/- | 126551/31-01-17 |
| മേരി ഫെലിക്സ്, വലിയവീട്ടിൽ | 06/06/2013 | KUU 989/D | 3000/- | 126501/31-01-17 |
| ഡെന്നീസ്, വെളിയിൽ | 30/11/2013 | KUU1441/D | 3000/- | 126507/31-01-17 |
| ആകെ | | | 45000 | |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്ന തീയതിയാണ് കൺസ്യൂമർ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് ഇത് സംബന്ധിച്ച നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ ഇൻവോയ്സ് കാർഡിൽ ഡി.ഒ.സി(ഡേറ്റ് ഓഫ് കണക്ഷൻ)ആയി രേഖപ്പെടുത്തിയിട്ടുള്ളത് മേൽ സൂചിപ്പിച്ചിട്ടുള്ള തീയതികളാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അനർഹർക്കായി ചെലവഴിച്ച ടി തുക തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

(2)കുടിവെള്ള കണക്ഷൻ ലഭിച്ചതിനുള്ള രേഖയില്ലാതെ താഴെ പറയുന്നവർക്ക് തുക അനുവദിച്ചിരിക്കുന്നു.

| ആനുകൂല്യം കൈപ്പറ്റിയ ആളുടെ പേര് | നൽകിയ തുക | ചെക്ക് നം. |
|---|---|---|
| ശോഭന കിഷോർ | 3000/- | 125347/07/10/16 |
| സാവിത്രി കുന്നിൽ | 3000/- | 125299/07 /10/16 |
| ബാബു ഒറ്റക്കണ്ടത്തിൽ | 3000/- | 125300/07-10-16 |
| ഓമന, ഷൈലാലയം | 3000/- | 126554/31-01-17 |
| | 12000 | |

രേഖകളുടെ അഭാവത്തിൽ 12000 രൂപ തടസ്സപ്പെടുത്തുന്നു.

(ബി).ഗാർഹിക ബയോഗ്യാസ് പ്ലാൻറ് -മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു

പ്രൊജക്ട് നം: S0030/17

ചെലവ് : 1,19,000

ബിൽ നം : 26/2016-17,119000/-dtd 31.3.17

ഗാർഹിക ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് യൂണിറ്റ് ഒന്നിന് 8500/- രൂപ നിരക്കിൽ 128 പേർക്ക് വിതരണം ചെയ്യുന്നതിനായി ആകെ 1088000/- രൂപയുള്ള കരാർ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ(SEUF) എന്ന സ്ഥാപനവുമായി 16.3.17ൽ ചമച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 25% തുക ഗുണഭോക്തൃ വിഹിതവും 25% വികസനഫണ്ടിൽ നിന്നും, ശേഷിക്കുന്ന 50% കേന്ദ്ര വിഹിതത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്. എന്നാൽ തൻവർഷം വികസനഫണ്ടിൽ നിന്നു മാത്രം 119000/-രൂപ പിൻവലിച്ച് സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നല്കി 14 പേർക്ക് ബയോഗ്യാസ് പ്ലാന്റ് ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിക്ക് കേന്ദ്ര വിഹിതവും ഗുണഭോക്തൃ വിഹിതവും ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ തുടർന്നങ്ങോട്ട് ആനുകൂല്യം നൽകുമ്പോൾ വികസനഫണ്ടിൽ നിന്നും ചെലവഴിക്കാതെ കേന്ദ്രവിഹിതവും ഗുണഭോക്തൃവിഹിതവും വിനിയോഗിച്ച് മേൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുമ്പോൾ മാർഗ്ഗരേഖ പ്രകാരം തന്നെ പദ്ധതി നടപ്പാക്കുന്നതിനും തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| ക്രമ നം. | പ്രോജക്റ്റ് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവിന്റെ ഉദ്ദേശ്യം | ചെലവ് തുക | ചെലവ് വിവരം |
|---|---|---|---|---|---|
| 1. | S008/17 | എം.ഓ. പിഎച്ച്സി | പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങൽ | 30000 | 5/16-17 dt.22.03.17 |
| 2. | S008/17 | എം.ഓ. പിഎച്ച്സി | പാലിയേറ്റീവ് കെയറിന് ഉപകരണങ്ങൾ | 64400 | 5/16-17 dt.22.03.17 |
| 3. | S009/17 | എം.ഓ. പിഎച്ച്സി | പിഎച്ച്സിയ്ക്ക് മരുന്ന വാങ്ങൽ | 100000 | 6/16-17 dt.22.03.177/16-17 dt.22.03.17 |
| 4 | S008/17 | എം.ഓ. പിഎച്ച്സി | പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങൽ | 150000 | 10/16-17 dt.30.03.17<br>ചെക്ക് നം. 1121671/23-02-2017 |
| | ആകെ | | | 3,44,400 | |

മേൽ പ്രോജക്റ്റ് മുഖാന്തിരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകളും, ഉപകരണങ്ങളും ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/26.8.17) നൽകിയ മറുപടിയിൽ മരുന്ന് ലഭിച്ചിട്ടില്ലായെന്നും, മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്റ്റ് നം. S0038/17

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവ്വേദം.

ബിൽ നം.31/16-17 തീയതി. 13-12-2016

അടങ്കൽ – 3,00,000

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്റ്റിനായി ഔഷധിയ്ക്ക് 3,00,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 2,48,750/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 51,250/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.2/26.08.17) ന് 27,968/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാകാനുള്ളതെന്നും, ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇവയുടെ രേഖകളും, സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടുണ്ട്. 27,968/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 മരുന്നുകൾ (ഹോമിയോ) പൂർണ്ണമായി ലഭിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | നൽകിയ തുക | ബിൽ നം./ തീയതി | മരുന്ന് ലഭിച്ച തുക | ശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | ഹോമിയോ ആശുപത്രിക്ക് മരുന്ന് (S0040/17) | 60000<br>60000 | 1/16-17/ 15.12.16<br>2/16-17/ 27.3.17 | 60000 | 60000 |
| | ആകെ | 120000 | | 60000 | 60000 |

ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണത്തിന് (നം.14/30.08.17) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭിക്കുന്നതിനായി സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ലഭിച്ചാലുടൻ ആഡിറ്റിൽ അറിയിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയായും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിനായി മുൻകൂറടച്ച 60000/-രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ആഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

കത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. റസീറ്റ് & പെയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവുചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 10478638 |
| വരവ് | : | 48743327 |
| ആകെ | : | 59221965 |
| ചെലവ് | : | 45881482 |
| നീക്കിയിരിപ്പ് | : | 13340483 |

എ). രസീത് & പെയ്മെന്റ് അക്കൗണ്ട് പരിശോധിച്ച് കണ്ടെത്തിയ മറ്റ് ന്യൂനതകൾ താഴെപ്പറയുന്നു.

രസീത് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷ കളക്ഷൻ തുകയും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അടിസ്ഥാന രേഖകളും തമ്മിൽ താഴെപ്പറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ RP-40b ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് പാസ്സ് ബുക്ക് നീക്കിയിരിപ്പുമായി 9000രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
2. സാംഖ്യ പ്രകാരമുള്ള വസ്തു നികുതി തൻവർഷത്തെ കളക്ഷൻ 1757842രൂപയും സഞ്ചയ പ്രകാരമുള്ള കളക്ഷൻ 1758957 രൂപയുമാണ്.
3. . ധനകാര്യ പത്രിക ഷെഡ്യൂൾ RP-36 പ്രകാരം ഡി&ഒ ലൈസൻസ് മുൻകൂറായി 27300 രൂപ വരവുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ വരവില്ല.
4. ധനകാര്യ പത്രിക ഷെഡ്യൂൾ RP-36 പ്രകാരം കെട്ടിട വാടക 1410 രൂപ സമാഹരിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ വരവില്ല.
5. ഡോഗ് ലൈസൻസ് ഇനത്തിൽ ധനകാര്യ പത്രിക പ്രകാരം കളക്ഷൻ 1494രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 1180 രൂപയാണ്. ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷനും രജിസ്റ്റർ പ്രകാരമുള്ള കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

II.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റെയും ചെലവിന്റെയും സംക്ഷിപ്തം താഴെപ്പറയുന്നു.

| | | |
|---|---|---|
| ആദായം | : | 117237797 |
| (-) ചെലവ് | : | 121894020 |
| (-)പ്രയർ പീരീഡ് ഐറ്റം | : | 2864128 |
| ഡെഫിസിറ്റ് | : | 1792095 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

1. സാംഖ്യ പ്രകാരമുള്ള വസ്തു നികുതി തൻവർഷത്തെ ഡിമാന്റ് (ഷെഡ്യൂൾ I-1),2653404രൂപയും സഞ്ചയ പ്രകാരമുള്ള ഡിമാന്റ് 2699272 രൂപയുമാണ്.
2. തൊഴിൽ നികുതി (ട്രേഡേഴ്സ്) - തൻവർഷത്തെ ഡിമാന്റ് സാംഖ്യ പ്രകാരം 280400രൂപയാണ്.(I-1) എന്നാൽ ഡിമാന്റ് രജിസ്റ്റർ ഈയിനം പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ നിർവ്വാഹമില്ല.
3. തൊഴിൽ നികുതി (എംപ്ലോയീസ്) ഡിമാന്റ് രജിസ്റ്റർ പ്രകാരം 1302330 രൂപയും ധമകാര്യ പത്രിക I-1 പ്രകാരം ഡിമാന്റ് 1292910 രൂപയുമാണ്.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് EFMS പ്രകാരമുള്ള വരവും ചെലവും I-6 ഷെഡ്യൂൾ പ്രകാരം 40305842 രൂപയും എം.ഐ.എസ് റിപ്പോർട്ട് പ്രകാരം ആകെ ചെലവ് 39098000 രൂപയുമാണ്.
5. വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ ഡിമാന്റ് 224856 രൂപയും എ.എഫ്.എസ് ഷെഡ്യൂൾ I-3 പ്രകാരം ഡിമാന്റ് 226669 രൂപയുമാണ്.

III.ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെപ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 19307078 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 18617578 |
| പഞ്ചായത്ത് ഫണ്ട് | 689500 |

ബാലൻസ് ഷീറ്റ് പരിശോധിച്ച് കണ്ടെത്തിയ ന്യൂനതകൾ താഴെപ്പറയുന്നു.

ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 289269 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 289269 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 450000 | പാലിന് സബ്സിഡി | 373050 | 76950 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|

| ഏജൻസി | പേര് | നൽകിയ തുക | തുക | ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1336818 | ---- | 1336818 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 100000രൂപ വരവുണ്ട്. മുൻ ബാക്കി 2735550/-രൂപയടക്കം 2835550/- രൂപയിൽ 1309697/-രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷത്തെ വായ്പ | ആകെ തൻ വർഷം തിരിച്ചടക്കാനുള്ള വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 747/2010 /ത.സ്വ.ഭ.വ തീയതി.15.03.2010 | 3891900 | 2735550 | 100000 | 2835550 | 1309697 | 00 | 1525853 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷാരംഭത്തിലുണ്ടായിരുന്ന നിക്ഷേപം | തൻവർഷത്തെ നിക്ഷേപം | ആകെ നിക്ഷേപം | തൻവർഷം പിൻവലിച്ച നിക്ഷേപം | വർഷാവസാനം നിലവിലുള്ള നിക്ഷേപം |
|---|---|---|---|---|
| 00 | 50,00,000/- | 50,00,000/- | ഇല്ല | 50,00,000/- |

4-7ഓഡിറ്റ് റിക്കവറി

ഇല്ല

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-9 | 2011-12 | 2.6 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമം പാലിക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48743327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45881482 |
| വരവിനങ്ങളിലുള്ള നഷ്ടം | 7554 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 348285 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 476718 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2(1)a | 1500 | | വേണുഗോപാൽ.എസ് സെക്രട്ടറി |
| 2-2(1)b | 1250 | | വേണുഗോപാൽ.എസ് സെക്രട്ടറി |
| 2-3 | 4804 | | വേണുഗോപാൽ.എസ് സെക്രട്ടറി |
| 3-1 | | 226802 | റെയ്ച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 19008 | റെയ്ച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 2330 | റെയ്ച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 44980 | റെയ്ച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 3750 | റെയ്ച്ചൽ ബഞ്ചമിൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 6415 | എൻ.ശശിധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-14എ(1) | | 45000 | മഹേഷ്, വി.ഇ.ഒ<br>നാലുകുളങ്ങര |
| ആകെ | 7554 | 348285 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 32350 | വേണുഗോപാൽ.എസ്,<br>സെക്രട്ടറി |
| 3-14(എ) 2 | 12000 | മഹേഷ്, വി.ഇ.ഒ. നാലുകുളങ്ങര |
| 3-15 | 344400 | ഡോ. സേതുമാധവൻ,<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-16 | 27968 | ഡോ. അശ്വതി,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദ ആശുപത്രി |
| 3-17 | 60000 | ഡോ.സ്മിത റാണി<br>മെഡിക്കൽ ഓഫീസർ, ഹോമിയോ<br>ആശുപത്രി |
| | 476718 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വേണുഗോപാൽ.എസ് സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 1 | ഡി.എസ്.നിലയം, എഴുപുന്ന സൗത്ത് പി.ഒ, ആലപ്പുഴ |
| റെയ്ച്ചൽ ബെഞ്ചമിൻ അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് എറണാകുളം | ബെതേൽ ഹൗസ്, അരൂർ.പി.ഒ, പൂജപ്പുര റോഡ് |
| ഡോ.അശ്വതി മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം കുത്തിയതോട് | വലിയകുളത്തുങ്കൽ, അരൂർ പി.ഒ. |
| ഡോ.സേതുമാധവൻ മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | സരോവരം, സി.എം.സി-13, ചേർത്തല |
| ഡോ.സ്മിത റാണി മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | ഋതു, വടകോട്.പി.ഓ കങ്ങരപ്പടി, എറണാകുളം |
| മഹേഷ്, വി.ഇ.ഒ, നാലുകുളങ്ങര | വി.ഇ.ഒ, നാലുകുളങ്ങര | പേരേരുകരി, കൊക്കോതമംഗലം.പി.ഒ, ചേർത്തല |

| | | |
|---|---|---|
| എൻ.ശശിധരൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | റിട്ടയേർഡ് | പരിങ്ങപ്പള്ളിൽ, വളമംഗലം<br>നോർത്ത്.പി.ഒ, തുറവൂർ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/<br>3-07-98/10-12-98 |
| 1999-00,<br>2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&<br>2011-12 | എൽ.എഫ്.എ.പി2- 134/13/05-12-13 |
| 2012-13 | എൽ.എഫ്.എ.പി2- 101/14/04/08/15 |
| 2013-2014 &<br>2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374<br>/2016/26.03.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

കെ.എസ്.എ/എ.എൽ.പി-പി2-1184/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഇ-മെയിൽ - ddhglfalpy@gmail.com

ഫോൺ - 0477-2252753,

തീയതി: 18.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം

വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ

KSA/ALP-P2-1184/2017

Kerala State Audit Department,

District Audit Office, Alappuzha,
Ph :- 0477-2252753,
E-mail :- ddhglfalpy@gmail.com
Date: 18.09.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kuthiathode Grama panchayat in Alappuzha district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuthiathode Grama panchayat for the year 2016-17 except the observations in my audit report Para 4-1, properly presents the picture of income and expenditure.

.

.

Deputy Director,
Kerala State Audit Department,
District Audit Office, Alappuzha